**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4687** **26.06.2019 ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ന്യായവില ലഭിക്കുന്നതിനും നടപടി**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പച്ചക്കറി ഉപഭോഗം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം 7.88 ലക്ഷം മെട്രിക് ടൺ എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| ബി) ഇത് പരിഹരിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക്ഷേമ വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി എന്ന ബൃഹത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം കൂട്ടുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>വീട്ടുവളപ്പിലുള്ള പച്ചക്കറി കൃഷി/ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി-</u> വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും,160 ലക്ഷം പച്ചക്കറി തൈകളും സ്കൂൾ കുട്ടികൾ, കർഷകർ, |

വനിതകൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി സൗജന്യമായി വിതരണം ചെയ്യുന്നു.

മട്ടുപ്പാവ് കൃഷി/ ഗ്രോബാഗുകളിലെ പച്ചക്കറി കൃഷി - സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്കാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായമായി യൂണിറ്റിന് 200/- രൂപ നൽകി വരുന്നു. മാലിന്യ സംസ്കരണത്തിനായി ചെറുകിട കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 2500/- രൂപ സബ്സിഡി നൽകുന്നു. ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം നിലനിർത്താനായി ചെറുകിട തുള്ളിനന/ തിരിനന യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു.

സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി: തിരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ വഴി പച്ചക്കറികൃഷി ചെയ്യുന്നതിനും, ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, പ്രോജക്ടടിസ്ഥാനത്തിൽ സർക്കാരിതര സ്ഥാപനങ്ങൾ, എൻ.ജി.ഒ.- കൾ എന്നിവ വഴി പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നല്കി വരുന്നു.

ജില്ലാ ക്ലസ്റ്റർ വികസനം: കാര്യക്ഷമമായി പ്രവർത്തിക്കുന്ന ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000/- രൂപ വീതം ധനസഹായം നൽകുന്നു. പമ്പ്സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകി വരുന്നു. തരിശുനില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/- രൂപ നിരക്കിൽ ധനസഹായം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം: ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ വീതം പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനും, മുൻ വർഷങ്ങളിൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് ക്ലസ്റ്ററൊന്നിന് 1 ലക്ഷം വീതം ധനസഹായം നൽകി വരുന്നു.

ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം: മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയ്ക്ക് 10 ലക്ഷം രൂപയും ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് പരിശീലനം നല്കുന്നതിനായും ധനസഹായം നൽകി വരുന്നു.

പച്ചക്കറി കൃഷിയ്ക്കുവേണ്ടി' മിനി-പോളീഹൗസുകളുടെ പ്രോത്സാഹനം: സ്ഥലപരിമിതി കണക്കിലെടുത്ത് കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മിനി പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നു. 10 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളീഹൗസുകൾ ഒന്നിന് 45,000 രൂപ ധനസഹായം കർഷകർക്കു നൽകുന്നു. 20 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള പോളിഹൗസുകൾ ഒന്നിന് 60,000/- രൂപ ധനസഹായം കർഷകർക്കു നൽകുന്നു.

സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും: സൂക്ഷ്മ ജലസേചന വള പ്രയോഗ യൂണിറ്റ് സ്ഥാപിക്കുന്നതിന് 30,000 രൂപ വരെ ധനസഹായം നൽകുന്നു. പച്ചക്കറി കൃഷിക്കായി വീടുകളിൽ തുള്ളിനന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 75% ധനസഹായം (പരമാവധി 7500 രൂപ വരെ) നൽകി വരുന്നു.

പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം: പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാനായി പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി 2017-18 ൽ ആരംഭിച്ച ഒരു ചെലവുകുറഞ്ഞ മാർഗ്ഗമാണ് ഊർജ്ജ രഹിത ശീതികരണ യൂണിറ്റുകൾ. ഊർജ്ജരഹിത ശീതീകണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 15,000 രൂപ (ഒരു യൂണിറ്റ്) ധനസഹായം നൽകിവരുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം: കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകി വരുന്നു. എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി.

മഴമറ നിർമ്മാണം: വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും

സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് 50000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

| | |
|---|---|
| സി) പച്ചക്കറി കർഷകർക്ക് ന്യായവില ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഇത് കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) പച്ചക്കറികളുടെ ഉല്പാദനത്തിനായി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനോടൊപ്പം പച്ചക്കറികൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് കൃഷി വകുപ്പ് 400 ഗ്രാമീണ ആഴ്ച ചന്തകൾ, 213 ഇക്കോഷോപ്പുകൾ എന്നിവ വിപണി വികസന പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. പഞ്ചായത്ത് തല കമ്മിറ്റികൾ വിപണികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുന്നതിനായി നിലവിലുണ്ട്. ഇത്തരം വിപണികൾ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നുണ്ട്.<br>കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികൾ 5 ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കർഷകർക്ക് ലേല സമ്പ്രദായങ്ങളിലൂടെ തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമുണ്ട്. അന്നന്നത്തെ വിപണി വില അടിസ്ഥാനമാക്കി ഏറ്റവും കുറഞ്ഞ വില നിശ്ചയിച്ച് ലേലം കൊള്ളുന്നതിനാൽ ഈ വിപണിയിലൂടെ ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.<br>ഹോർട്ടികോർപ്പ് കേരളത്തിലെ കർഷകരിൽ നിന്നും ന്യായവിലയ്ക്ക് പച്ചക്കറികൾ ശേഖരിച്ച് ടി ഏജൻസിയുടെ 92 സ്റ്റാളുകൾ, 267 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും വില്പന നടത്തി വരുന്നുണ്ട്. ഹോർട്ടികോർപ്പിന് കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലും സംഭരണ കേന്ദ്രങ്ങളുണ്ട്. കൂടാതെ ഹരിപ്പാടും ചടയമംഗലത്തും 2 ഉപസംഭരണ കേന്ദ്രങ്ങളും ഉണ്ട്.<br>വി.എഫ്.പി.സി.കെ. യുടെ 287 സ്വാശ്രയ കർഷക വിപണികളും കർഷകർക്ക് ന്യായ വില കിട്ടത്തക്ക രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ലേലം വഴിയാണ് ടി സമിതികളിലും കച്ചവടം നടക്കുന്നത്. |

**സെക്ഷൻ ഓഫീസർ**